അദ്ധ്യായം 1

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസനസ്ഥിതി

സ്വയംഭരണ സ്ഥാപന ചരിത്രം

ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെയും ഒട്ടനവധി കർഷക സമരങ്ങളുടെയും വീരേതി ഹാസനങ്ങൾ രചിച്ച മണ്ണാണ് പയ്യന്നൂർ. രാഷ്ട്രപിതാവ് മഹാത്മജിയുടെ പാദസ്പർശമേറ്റ് പവിത്രമായ ഇതേമണ്ണിൽ തന്നെയാണ് ജന്മിത്വത്തിനും നാടുവാഴിത്തത്തിനും എതിരായ കർഷകരുടെ ധീരമായ സമര പോരാട്ടവും നടന്നത്. 1930ൽ ബ്രിട്ടീഷുകാരന്റെ ഉപ്പനിയമത്തെ വെല്ലുവിളിച്ച് കേരള ഗാന്ധി കെ. കേളപ്പന്റെ നേതൃത്വത്തിൽ കോഴിക്കോട്ട്നിന്ന് പയ്യന്നൂർ ഉളിയത്ത് കടവിലേക്ക് ജാഥ നയിച്ച് ഉപ്പുകുറുക്കൽ സമരം നടത്തിയത് ഇന്ത്യൻ സ്വാതന്ത്ര്യ ചരിത്രത്തിന്റെ താളുകളിൽ പയ്യന്നൂരിന് ശ്രേദ്ധേയമായ ഇടമാണ് നൽകിയത്. അയിത്തത്തിനും അനാചാരങ്ങൾക്കും ജാതിക്കോമരങ്ങൾക്കും എതിരായി സ്വാമി ആനന്ദതീർത്ഥരുടെയും എ. കെ. ജി. യുടെയും നേതൃത്വത്തിൽ ഒട്ടനവധി സമരങ്ങൾക്ക് നേതൃത്വം നൽകിയതും ഈ മണ്ണിൽ വെച്ച് തന്നെയാണ്. "രണ്ടാം ബർദോളി" എന്നറിയപ്പെടുന്ന ഈ നാട് പുളകം കൊണ്ടതും 1928ൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനം പയ്യന്നൂരിൽ വെച്ച് നടന്നതും ഇന്ത്യൻ സ്വാതന്ത്ര്യ ചരിത്രത്തിൽ ഒളിമങ്ങാതെ കിടക്കുന്നു.

1935 ലാണ് മദിരാശി ഗവൺമെന്റ് പയ്യന്നൂർ പഞ്ചായത്ത് രൂപീകരിച്ചത്. സാമൂഹ്യ വികസന ബ്ലോക്കുകൾ തത്വത്തിൽ രൂപം കൊണ്ടത് 1952 ഒക്ടോബറിൽ ആണ്. എന്നാൽ 1948ൽ തന്നെ മദിരാശി സർക്കാർ ആരംഭിച്ച ഫർക്കാ ഡെവലപ്മെന്റ് പദ്ധതി അനുസരിച്ച് ഫർക്കാ ഡെവലപ്മെന്റ് ബ്ലോക്ക് ആയി പയ്യന്നൂർ പ്രവർത്തനം ആരംഭിച്ചിരുന്നു. 1953 ഒക്ടോബർ 2ന് പയ്യന്നൂർ കേന്ദ്രമാക്കി 19 ഗ്രാമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ദേശീയ വികസന ബ്ലോക്ക് ആരംഭിച്ചതോടു കൂടി അതുവരെ നിലനിന്ന ഫർക്കാ ഡെവലപ്മെന്റ് പദ്ധതിക്ക് പുതിയ രൂപം കൈ വന്നു. 1956 ഏപ്രിൽ ഒന്നാം തീയതി സാമൂഹിക വികസന ബ്ലോക്ക് ആയി രൂപപ്പെട്ടതോടുകൂടി പയ്യന്നൂരിന്റെ വികസനത്തിനുള്ള ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി.

കാസർഗോഡ് റവന്യൂ ഡിവിഷൻ ഓഫീസർ ചെയർമാനും ഒരു അനൗദ്യോഗിക അംഗം വൈസ് ചെയർമാനും ബി ഡി ഒ കൺവീനറുമായി ഒരുകമ്മിറ്റിനിലവിൽ വന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ,സഹകരണസംഘം ഭാരവാഹികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളായി ഒരു ഉപദേശക സമിതി രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഒന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രാഥമിക ആരോഗ്യ കേന്ദ്രം അന്നത്തെ പയ്യന്നൂർ ബ്ലോക്കിൽ ഉൾപ്പെട്ട പഴയങ്ങാടിയിൽ ഉദ്ഘാടനം ചെയ്തു. ജീവിത വരുമാനം വർദ്ധിപ്പിക്കാൻ തൊഴിൽ പരിശീലനങ്ങൾ, സഹായങ്ങൾ, ശിശുവിഹാര കേന്ദ്രങ്ങൾ, വായനശാലകൾ, ഗ്രന്ഥാലയങ്ങൾ എന്നിവ ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ വ്യാപകമായി നടന്നു. ബ്ലോക്കിന്റെ പലഭാഗത്തും തൊഴിൽ പരിശീലനങ്ങൾ ആരംഭിച്ചു.

1959 ജൂലൈ ഒന്നിന് ബ്ലോക്കിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. അതുവരെ ബ്ലോക്ക് ഓഫീസ് പ്രവർത്തിച്ചിരിക്കുന്നത് വാടക കെട്ടിടത്തിൽ ആയിരുന്നു. സ്ഥലം എടുത്തു നൽകിയാൽ സർക്കാർ കെട്ടിടം പണിയുമെന്ന തീരുമാനം

വന്നപ്പോൾ കേളോത്ത് ഇന്നു കാണുന്ന സ്ഥലത്ത് 60 സെന്റ് ഭൂമി ജനകീയ സംഭാവന സമാഹരിച്ച് വാങ്ങിക്കുകയുണ്ടായി. അവിടെ പയ്യന്നൂർ ബ്ലോക്ക് ഓഫീസിന്റെ കെട്ടിടം ഉയർന്നു. വികസന ബ്ലോക്ക് പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി ബ്ലോക്ക് തലത്തിലും ജനപ്രതിനിധികൾ ഉൾകൊള്ളുന്ന ഭരണ സംവിധാനം ആവശ്യമാണെന്ന ബാൽവന്തറായി മേത്ത കമ്മിറ്റിയുടെ ശുപാർശ പ്രകാരം 1960 കളുടെ ആരംഭത്തിൽ തന്നെ പഞ്ചായത്ത് പ്രസിഡന്റ്മ്മാരും നോമിനേറ്റഡ് അംഗങ്ങളും ഉൾകൊള്ളുന്ന ബ്ലോക്ക് വികസന സമിതി രൂപീകരിക്കുവാൻ ഗവൺമെന്റ് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ 1962ൽ തന്നെ പയ്യന്നൂർ ബ്ലോക്കിലും ബ്ലോക്ക് വികസന സമിതി രൂപീകരിച്ചു. അങ്ങനെ രൂപീകരിക്കപ്പെട്ട ആദ്യ വികസന ബ്ലോക്ക് വികസന സമിതിയുടെ ചെയർമാൻ ശ്രീ.സുബ്രഹ്മണ്യ ഷേണായി ആയിരുന്നു. ബ്ലോക്കിന്റെ സർവ്വതോന്മുഖമായ വികസന പ്രവർത്തനങ്ങളിൽ ചെയർമാൻ എന്ന നിലയിൽ അദ്ദേഹത്തിന്റെപ്രവർത്തനം സ്തുത്യർഹമായിരുന്നു.

കൃഷി,മൃഗസംരക്ഷണം,സഹകരണം,ഗതാഗതം,കുടിൽ വ്യവസായം, പൊതുജനാരോഗ്യം, സാമൂഹിക വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ ഊർജിതമായ വികസന പ്രവർത്തനങ്ങൾ ബ്ലോക്കിന്റെആഭിമുഖ്യത്തിൽ നടക്കുകയുണ്ടായി. കാങ്കോലിൽ വിത്തുല്പാദന കേന്ദ്രവും, പയ്യന്നൂരിൽ മൃഗാശുപത്രിയും, പഴയങ്ങാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ എല്ലാ പഞ്ചായത്തുകളിലും ഉപകേന്ദ്രങ്ങളും ആരംഭിച്ചു. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യ വിദ്യാഭ്യാസ പോഷകാഹാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആക്കം നൽകുന്നതിന് വേണ്ടി ബ്ലോക്കിൽ പോഷകാഹാര പരിപാടി 1966 ജൂലൈ മാസത്തിൽ ആരംഭിച്ചു. പ്രസ്തുത പരിപാടിയുടെ ഭാഗമായി ബ്ലോക്കിന്റെ നാനാഭാഗങ്ങളിലായി 36 പോഷകാഹാര കേന്ദ്രങ്ങൾ ആരംഭിക്കുകയുണ്ടായി. 5 വയസിനു താഴെയുള്ള 3600 കുട്ടികൾക്കും 1080 ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഈ കേന്ദ്രങ്ങളുടെ കീഴിൽ പോഷകാഹാര വിതരണവും ആരോഗ്യ പരിപാലന പരിപാടിയും ആരംഭിച്ചു. പോഷകമൂല്യമുള്ള പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനുള്ള ഒരു മാതൃക തോട്ടം കാങ്കോൽ-ആലപ്പടമ്പ ഗ്രാമപഞ്ചായത്തിൽ സൗജന്യമായി ലഭിച്ച നാല് ഏക്കർ സ്ഥലത്ത് ആരംഭിച്ചു.

കൂടാതെബ്ലോക്കിന്റെ വിവിധ ഭാഗങ്ങളിൽ 8 വിദ്യാലയങ്ങൾ തെരഞ്ഞെടുത്ത് യുവകർഷക സംഘടനകൾ രൂപീകരിക്കുകയും അവയുടെ നേതൃത്വത്തിൽ മാതൃകാ തോട്ടങ്ങളും മറ്റും നിർമ്മിക്കുകയും ചെയ്തു. ഇവയ്ക്ക് വേണ്ടുന്ന വിത്ത്, വളം, ജലസേചന സൌകര്യങ്ങൾ എന്നിവയും പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക ഉപദേശങ്ങളും ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ നൽകുകയുണ്ടായി.

1980ൽസംയോജിതഗ്രാമവികസന പദ്ധതിയുടെ ആവിർഭാവത്തോടുകൂടി ചെറുകിട കാർഷിക വികസന ഏജൻസി നിലവിൽ വന്നു. ഗ്രാമവികസന പരിപാടിയുടെ ഭാഗമായി തൊഴിൽരഹിതരായ ഗ്രാമീണ യുവാക്കൾക്ക് പരിശീലനം നൽകുകയും അവർക്ക് വായ്പയും സഹായധനവും നൽകി പുതിയ തൊഴിൽ മേഖല വികസിപ്പിക്കുകയുണ്ടായി. ഗ്രാമീണരുടെ അദ്ധ്വാനശേഷി ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ ജോലിക്ക് കൂലി ഭക്ഷണം പരിപാടി 1980ൽ ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടിയുടെ ഭാഗമായി ആരംഭിച്ചു.

ദേശീയ സമ്പാദ്യ പദ്ധതി പ്രവർത്തനനിരതമായപ്പോൾ 20 മഹിള പ്രധാൻ ഏജന്റുമാരെയും 6 പുരുഷ ഏജന്റുമാരെയും നിയമിച്ചുകൊണ്ട് പയ്യന്നൂർ ബ്ലോക്കും മുഖ്യധാരയിൽ ചേർന്നു. ഭവനനിർമ്മാണം, കുടിവെള്ള വിതരണം, തൊഴിൽ പരിശീലനം എന്നീ മേഖലകളിൽ കൃത്യമായ ഇടപെടലുകൾ നടന്നിട്ടുണ്ട്. ബ്ലോക്ക് പരിധിക്കകത്തെ പട്ടികജാതി കുടുംബങ്ങളിലും പട്ടികവർഗ്ഗ കുടുംബങ്ങളിലും ദാരിദ്ര

ലഘൂകരണ പരിപാടിയുമായി ബന്ധപ്പെട്ട് നിരവധി സ്കാഡ് വർക്കുകളും കർമ്മപദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി പട്ടികവർഗ്ഗ കോളനികളിലും സങ്കേതങ്ങളിലും ഒട്ടനവധി വികസന നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചു.

1995 മുതൽ പഞ്ചായത്തിരാജ് സംവിധാനത്തിൽ രൂപീകൃതമായ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ഭരണസമിതിയുടെ പ്രവർത്തനം നടന്നു വന്നത്. 7 ഗ്രാമ പഞ്ചായത്തുകളിലായി 337.49 ച.കി.മീ. വിസ്തീർണ്ണത്തിൽ പയ്യന്നൂർ ബ്ലോക്ക് പ്രദേശം വ്യാപിച്ചു കിടക്കുന്നു. മൊത്തം 173043 പേർ അധിവസിക്കുന്നു. മാനംമുട്ടെ ഉയർന്ന് നിൽക്കുന്ന പശ്ചിമഘട്ട മലനിരകൾതൊട്ട് സമതല പ്രദേശങ്ങളും പിന്നീട് ഏഴിമല താഴ്വാരങ്ങളെ ആശ്ലേഷം ചെയ്യുന്ന അറബിക്കടൽ വരെ നീണ്ടു നിൽക്കുന്നതാണ് ഏഴ് ഗ്രാമ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രദേശം. ആകാശ നീലിമയെ ചുംബിച്ചു നിലക്കുന്ന കൊട്ടത്തലച്ചി മലയെ വഹിക്കുന്ന ചെറുപുഴ, പശ്ചിമഘട്ടത്തിൽ തലചായിച്ചുറങ്ങുന്ന പെരിങ്ങോം-വയക്കര, പ്രകൃതി സമ്പത്തിനാലും മതസൌഹാർദ്ധത്തിനാലും പുകൾകൊണ്ട എരമം-കുറ്റൂർ, കപിലന്റെ യാഗഭൂമിയെന്നറിയപ്പെടുന്ന കാങ്കോൽ-ആലപ്പടമ്പ, കർഷക പോരാട്ടങ്ങളുടെ വീരേതിഹാസം ഇന്നും അയവിറക്കിക്കൊണ്ടിരിക്കുന്ന കരിവെള്ളൂർ-പെരളം, വെങ്കല നിർമിതിയിൽ പുകൾപെറ്റ കുഞ്ഞിമംഗലം, ഏഴിമല നാവൽ അക്കാദമിയിലൂടെ ഇന്ത്യൻ പ്രതിരോധ ശക്തിക്ക് കരുത്ത് പകരുന്ന രാമന്തളി എന്നിവയാണ് ഈ ഏഴ് ഗ്രാമ പഞ്ചായത്തുകൾ. വ്യത്യസ്ത മതവിഭാഗങ്ങൾ,ജനവിഭാഗങ്ങൾഒത്തുചേർന്ന് രമ്യതയോടെ കഴിഞ്ഞുവരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ തനിപകർപ്പ് എന്നപോലെ മലനാട്, ഇടനാട്, തീരപ്രദേശം എന്നീ ഭൂഭാഗങ്ങളിലായി പരന്നുകിടക്കുന്ന ഈ ബ്ലോക്ക് ഉത്തര കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക ചരിത്ര നിർമ്മിതിയിൽ വഹിച്ച പങ്ക് നിസ്തുലമാണ്. 2017 ഒക്ടോബർ 30ന് ബഹു: കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ആധുനിക സൌകര്യങ്ങളോട് കൂടിയ കെട്ടിടത്തിലാണ് ഇപ്പോൾ ഏറെ സൌകര്യപ്രദമായി ബ്ലോക്കോഫീസ് പ്രവർത്തിച്ചു വരുന്നത്.

<u>സാമൂഹിക സാംസ്കാരിക സാമ്പത്തിക ചരിത്രം</u>

ചരിത്രാവശിഷ്ടങ്ങൾവെച്ച് പരിശോധിക്കുമ്പോൾ ചേരരാജവംശത്തോളം നീണ്ടുനിൽക്കുന്ന ചരിത്ര വായന പയ്യന്നൂരിനെ സംബന്ധിച്ചിടത്തോളം സാധ്യമാണ്. പണ്ഡിതന്മാരുടെയും കവികളുടെയും കലാകാരന്മാരുടെയും നാടാണിത്. വൈദ്യം, ജ്യോതിഷം, ശില്പകല, നാടൻകല,കളരി തുടങ്ങിയ മേഖലകളിലും ശോഭിച്ച മണ്ണാണിത്. സാമൂഹ്യ ചരിത്രത്തെ മാറ്റിമറിച്ച വിപ്ലവാശയങ്ങൾക്ക് ആഴത്തിൽ വേരോട്ടമുള്ള നാട് കൂടിയാണിത്.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനം ആയിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനവേദിയായി 1928ൽ തെരഞ്ഞെടുത്തത് പയ്യന്നൂരാണ്. കൃഷിക്കാരുടെയും തൊഴിലാളികളുടെയും വൻ പങ്കാളിത്തം കൊണ്ട് ആ സമ്മേളനം വളരെ ശ്രദ്ധേയമായി. ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള ദേശീയ നേതാക്കന്മാർ ആ സമ്മേളനത്തിൽ പങ്കെടുക്കുകയുണ്ടായി. അയിത്തത്തിനെതിരെ നടന്ന ധീരോജ്വലമായ സമരത്തിന്റെ ഭാഗമായി ജാഥ നയിച്ചപ്പോൾ കണ്ടോത്തുവെച്ച് എ കെ ജി യും കേരളീയനും ഏൽക്കേണ്ടിവന്ന ക്രൂരമായ മർദ്ദനത്തിന്റെ കഥ നാടിന്റെ പോയ കാല ചരിത്രമാണ്.

1934 ഹരിജനങ്ങൾക്ക് പൊതുജന സംഭാവന വാങ്ങാൻ ഗാന്ധിജി പയ്യന്നൂരിൽ വന്നു. ഉപ്പ് സത്യാഗ്രഹത്തിന്റെ സന്ദേശവുമായി കേളപ്പനും കൃഷ്ണപിള്ളയും നയിച്ച കാൽനടജാഥ രാമന്തളി കടപ്പുറത്ത് നിന്നും പയ്യന്നൂരിലെ ഉളിയത്ത് കടവിൽ നിന്നും ഉപ്പു കുറുക്കുകയും

ഉണ്ടായി. ഈ സമരത്തിന്റെ സ്മരണാർത്ഥമാണ് പയ്യന്നൂരിന് രണ്ടാം ബാർദോളി എന്ന പേര് ലഭിച്ചത്. ഹിന്ദി പ്രചാരണം,ന്യൽന്യൽപ്പ്,കള്ള്ഷാപ്പ് പിക്കറ്റിങ്, വിദേശ വസ്ത്രബഹിഷ്കരണം തുടങ്ങിയ സ്വാതന്ത്ര്യസമര കൈവഴികളിലൂടെ പയ്യന്നൂർ ദീർഘദൂര സഞ്ചരിക്കുകയുണ്ടായി. പയ്യന്നൂരിൽ സി.എച്ച്.ഗോവിന്ദൻ നമ്പ്യാരുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരം കത്തിപ്പടർന്നു. 1934ൽ അഭിനവ യുവക്സംഘം ഏ.വി.കുഞ്ഞമ്പുവിന്റെ നേതൃത്വത്തിൽ കരിവെള്ളൂരിലുംപരിസരപ്രദേശങ്ങളിലുംരൂപംകൊണ്ടു. സ്വാതന്ത്ര്യസമരത്തിന്റെ കൈവഴികളിൽ ഒന്നായിരുന്ന കർഷക സമരങ്ങൾ വിവിധ പ്രദേശങ്ങളിൽ ആളിപ്പടർന്നു. ജന്മി-നാടുവാഴിത്തത്തിനെതിരെയും സാമ്രാജ്യത്വത്തിനെതിരെയും പയ്യന്നൂരിലും പരിസരത്തും ഉടലെടുത്ത ആശയരൂപീകരണങ്ങൾ സംഘടന തലത്തിലും സമര പ്രഖ്യാപനങ്ങളിലേക്കും വ്യാപിച്ചു.ജന്മിമ്മാരുടെ കൂടിലതകൾക്ക് എതിരെ കർഷകരും പൊതുസമൂഹവും ഒന്നിച്ചു നീങ്ങി. വാശി, നരി, വെച്ചുകാണൽ,ശീലകാശ്, കളിപ്പണം തുടങ്ങിയ ജന്മിമാർ അടിച്ചേൽപ്പിച്ച പ്രാകൃത പിരിവുകൾക്കെതിരെ കർഷക ജനത സടകുടഞ്ഞെഴുന്നേറ്റപ്പോൾ വിവിധ പ്രദേശങ്ങളിൽ സമരങ്ങളും ചെറുത്തുനിൽപ്പുകളുംപലയിടത്തും സജീവമായി.ലാത്തിചാർജ്ജും, വെടിവെപ്പുകളും ഉണ്ടായി. കരിവെള്ളൂരിൽ സമര ഭടന്മാർ വെടിയുണ്ടയ്ക്കിരയായി.

ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

ഭൂമിശാസ്ത്രപരമായി കണ്ണൂർ ജില്ലയുടെ ഏറ്റവും വടക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ബ്ലോക്ക് ആണ് പയ്യന്നൂർ. കിഴക്ക് പശ്ചിമഘട്ട മലനിരകൾ തൊട്ടു പടിഞ്ഞാറ് അറബിക്കടൽ വരെ ചരിഞ്ഞിറങ്ങിയാണ് ഈ ബ്ലോക്ക് കിടക്കുന്നത്. ചെറുപുഴ, പെരിങ്ങോം-വയക്കര, എരമം-കുറ്റൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ മലനിരകളാലും ഇടത്തരം കുന്നുകളാലും സമൃദ്ധമായിരിക്കുമ്പോൾ രാമന്തളി ഗ്രാമപഞ്ചായത്തിന് മാത്രമേ അറബിക്കടൽ അതിരിടുന്നുള്ളൂ. കുന്നുകളും ചരിവുകളും താഴ്വാരകളും സമതലങ്ങളും പുഴകളും അരുവികളും തോടുകളും ചതുപ്പ് നിലകളും കൃഷിഭൂമിയും പയ്യന്നൂർ ബ്ലോക്കിനെ സമ്പന്നമാക്കുകയും അതോടൊപ്പം ഹരിതാഭമാക്കുകയും ചെയ്യുന്നു.

ബ്ലോക്കിന്റെ വിവിധ പ്രദേശങ്ങളിൽ കാലാവസ്ഥ വ്യത്യാനം വലിയ തോതിൽ അനുഭവപ്പെടുന്നില്ല എന്നിരിക്കിലും മഴയുടെ സമൃദ്ധി വേണ്ട രീതിയിൽ ഉൾക്കൊള്ളുവരുന്നുണ്ട് മലയോര പ്രദേശങ്ങൾ. ബ്ലോക്ക് പ്രദേശത്തെ ശരാശരി വർഷപാതം 3512.5 മി. മീറ്ററാണ്. തെക്കു പടിഞ്ഞാറ് മൺസൂൺ കാലത്തും വടക്കു കിഴക്കൻ കാലവർഷക്കാലത്തുമാണ് മഴ ലഭിക്കുന്നത്. മഴയുടെ അളവ് വർഷംതോറും കുറയുന്നതായാണ് കണ്ടുവരുന്നത്. പാരിസ്ഥിതികമായി വളരെയധികം വിനാശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രദേശമാണ് പയ്യന്നൂർ ബ്ലോക്ക് പ്രദേശം. കുന്നുകളുടെയുംമലകളുടെയും വിസ്താരം സ്ഥാനം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. വന പ്രദേശങ്ങൾ കയ്യേറ്റ ഭൂമികൾ ആകുന്നു. ഇടത്തരം അരുവികളും തോടുകളും വറ്റിവരണ്ടിരിക്കുന്നു. അനധികൃത കയ്യേറ്റത്താലും ഖനനത്താലുംപ്രകൃതിയുടെസന്തുലിതാവസ്ഥ മാറ്റിമറിക്കപ്പെടുന്നു.

ചുവന്ന ചരൽ മണ്ണ്, കളിമണ്ണ്, ചെമ്മണ്ണ്, കറുത്ത മണ്ണ് എന്നിവയാണ് വിവിധ പ്രദേശങ്ങളിലായി കണ്ടുവരുന്ന മണ്ണിനങ്ങൾ. കുന്നിൻ ചെരിവുകളിലും മണ്ടകളിലും കൂടുതലായും ലാറ്ററൈറ്റ് മണ്ണ് കാണപ്പെടുന്നു. സമതലങ്ങളിൽ കളിമണ്ണും കാണപ്പെടുന്നു. ഇടനാടൻ പ്രദേശങ്ങളിൽ ചെമ്മണ്ണും കറുത്ത മണ്ണും ഉണ്ട്. വനനശീകരണത്തിന്റെയും

അതുമൂലമുണ്ടാകുന്ന മണ്ണൊലിപ്പിന്റെയും ഫലമായി നാൾക്കുനാൾ മണ്ണിന്റെ പോഷണശക്തി കുറഞ്ഞുവരുന്നതായുംഅനുഭവപ്പെടുന്നു.

സമതലങ്ങളിലെ നെൽവയലുകളിൽ പൂഴിമണ്ണാണ് ഉള്ളത്. വെറും പൂഴി മാത്രമുള്ള മണ്ണ് പൊതുവേ ഫലപുഷ്ടി കുറഞ്ഞതാണ്. കടൽ തീരപ്രദേശങ്ങളായ രാമന്തളിയിലെ പടിഞ്ഞാറൻ ഭാഗങ്ങളിൽ പൂഴിമണ്ണ് ആണുള്ളത്. ഈ മണ്ണിൽ ധാരാളം ഉപ്പ രസം അടങ്ങിയിരിക്കുന്നു. രാമന്തളിയുടെ കിഴങ്ങ് പ്രദേശങ്ങളിൽ പൊതുവേ ലാറ്ററൈറ്റ്, ചെമ്മണ്ണ് എന്നിവയാണ് കാണപ്പെടുന്നത്.

വർഷപാതം കൂടുതലുള്ള പ്രദേശമായിട്ടും വേനൽ കാലങ്ങളിൽ കുടിവെള്ളത്തിന് വളരെയധികം ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഒട്ടനവധിയുണ്ട് ബ്ലോക്ക് പരിധിക്കുള്ളിൽ. നിരവധി തോടുകളും ചെറു അരുവികളും നീരിച്ചാലുകളും ഉണ്ടെങ്കിൽ കൂടി തന്നെ എല്ലാം ഡിസംബർ ജനുവരി മാസങ്ങളോടുകൂടി തന്നെ വറ്റിവരണ്ടു പോകുന്നു. ശാസ്ത്രീയമായ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കപ്പെടുന്നത്. മനുഷ്യന്റെ ജല ഉപയോഗ രീതികളും അലക്ഷ്യമായ കൃഷി രീതികളും കുടിവെള്ളക്ഷാമത്തെ ഗുരുതരമാക്കുന്നു. കുടിവെള്ള പാത്രങ്ങളേന്തി നിൽക്കുന്ന ആളുകളുടെ നീണ്ട വരികൾ മിക്കവാറും എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും ഒരുകാഴ്ചയാണ്. ടാങ്കറുകളിൽ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കുടിവെള്ള വിതരണം ചെയ്യുന്ന പതിവ് നാം കണ്ടുവരുന്നു.

ജൈവസമ്പത്താൽ ഏറ്റവും അധികം അനുഗ്രഹീതമായ ഒരു പ്രദേശമാണ് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്. ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെകിഴക്കൻ പ്രദേശങ്ങൾ ഒരുകാലത്ത് നിബിഡ വനങ്ങളാൽ സമ്പന്നമായിരുന്നു. അനധികൃതമായ കയ്യേറ്റവും മനുഷ്യന്റെ ആർത്തിയുംമൂലം ഈ പ്രദേശങ്ങളൊക്കെ ഇന്ന് വെട്ടിവിളിപ്പിച്ച കൊണ്ടേയിരിക്കുന്നു. ജനസംഖ്യ വർദ്ധനവ് ഇതിനൊക്കെ ഒരു കാരണമായി നാം പറയുമെങ്കിലും അതല്ല വനംകൊള്ളക്കും അനധികൃത കയ്യേറ്റത്തിനുംകാരണമാണെന്ന്സൂക്ഷ്മപരിശോധനയിൽ മനസ്സിലാക്കാവുന്നതാണ്.അപൂർവ്വമായ സസ്യജാലങ്ങൾ അനുദിനം വെട്ടിനീക്കപ്പെടുന്നു. ഔഷധികളുടെ കലവറ ഇന്ന് നമുക്ക് ഓർക്കാൻ മാത്രമുള്ളതായി മാറുന്നു.

ജനസംഖ്യ

2021ൽനടക്കേണ്ടിയിരുന്നകനേഷ്മാരികണക്കെടുപ്പ് പൂർത്തീകരിക്കാത്തതിനാലും 2011ലെ ജനസംഖ്യാ കണക്കും ഇന്നത്തെ അവസ്ഥയും തമ്മിൽ പൊരുത്തക്കേടുള്ളത്തിനാലും കൂടുതൽ കൃത്യമായ സാമ്പത്തിക-സാമൂഹ്യ-ജാതി സെൻസസ്സുകാരമുള്ള ജനസംഖ്യകണക്കാണ് ഇവിടെ ചേർത്തിട്ടുള്ളത്.അത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 192366 ആണ്. ആകെ ജനസംഖ്യയിൽ 92364 പുരുഷന്മാരും 99977 സ്ത്രീകളുമാണ്. ആകെ ജനസംഖ്യയിൽ 12294 പേർ പട്ടികജാതി വിഭാഗത്തിലും 12914 പേർ പട്ടികവർഗ വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള ജനസംഖ്യാകണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം	ഗ്രാമ പഞ്ചായത്ത്	കുടുംബങ്ങൾ	ആകെ ജന സംഖ്യ	പുരുഷൻ	സ്ത്രീ	പട്ടികജാതി	പട്ടികവർഗ്ഗം	ഭിന്നലിംഗം
1	ചെറുപുഴ	9046	37704	18615	19086	1142	1686	3
2	എരമം-കുറ്റൂർ	7032	28856	13786	15069	780	274	1
3	കരിവെള്ളൂർ-പെരളം	5501	22005	10373	11632	1017	1	0
4	കുഞ്ഞിമംഗലം	4608	19443	8798	10640	1162	0	5
5	പെരിങ്ങോം-വയക്കര	9543	39467	19031	20434	1850	768	2
6	കാങ്കോൽ-ആലപ്പടമ്പ	4890	19670	9467	10202	1228	48	1
7	രാമന്തളി	4685	25221	12294	12914	1228	0	13
	ആകെ	**45305**	**192366**	**92364**	**99977**	**12294**	**12914**	**25**

ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ ജനങ്ങൾ വസിക്കുന്നത് ചെറുപുഴയിലും, ഏറ്റവും കുറവ് കുഞ്ഞിമംഗലം ഗ്രാമ പഞ്ചായത്തിലുമാണ്. വർദ്ധിച്ച കുടിയേറ്റവും നഗര വൽക്കരണവും ചെറുപുഴ, എരമം-കുറ്റൂർ, പെരിങ്ങോം-വയക്കരഎന്നിവിടങ്ങളിലെ ജനസംഖ്യാ വർദ്ധനവിന് കാരണമായിട്ടുണ്ട്. ജനസംഖ്യയുടെ 56% മാത്രമേ ഏതെങ്കിലും തരത്തിലുമുള്ള തൊഴിലിൽ ഏർപ്പെടുന്നുള്ളൂ. കാർഷിക മേഖലയിലാണ് ഭൂരിഭാഗം പേരും തൊഴിലിലേർപ്പെടുന്നെങ്കിലും ദ്വിതീയ, ത്രിതീയ മേഖലകളിലെ തൊഴിലിലേർപ്പെടുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ട്.